പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 59

12.6.2012 ൽ
മറുപടിയ്ക്ക്

## സ്മാർട്ട്സിറ്റി നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം :<br>ശ്രീ. എസ്. ശർമ്മ :<br>ശ്രീ. സാജു പോൾ :<br>ശ്രീ. ബാബു എം. പാലിശ്ശേരി ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) |
| എ) സ്മാർട്ട് സിറ്റി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;<br><br>ബി) വളവുകാട് പുത്തൻകരിശ് പഞ്ചായത്തിൽ നിർമ്മാണം തുടങ്ങിയ പദ്ധതിയുടെ ഒന്നാംഘട്ടം രണ്ടുവർഷത്തിനകവും മാർക്കറ്റിംഗ് കം-സെയിൽസ് ഓഫീസിന്റെ നിർമ്മാണം 14 ആഴ്ചകൾക്കകവും തീർക്കുമെന്ന് പദ്ധതിയുടെ തറക്കല്ലിടൽ ചടങ്ങിനു ശേഷം മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്നോ ;<br><br>സി) എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; ഈ പ്രവൃത്തികൾ സമയബന്ധിതമായി നടക്കുന്നുണ്ടോ ; എന്ന് ആയത് പൂത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ), (ബി) ആന്റ് (സി)<br><br>സ്മാർട്ട്സിറ്റിക്കായി കാക്കനാട് വില്ലേജിലും പുത്തൻകരിശ് വില്ലേജിലുംപെട്ട 246 ഏക്കർ സ്ഥലം സ്മാർട്ട്സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡിന് പാട്ടത്തിന് നല്കുകയുണ്ടായി. ഇതിൽ 132 ഏക്കർ സ്ഥലത്തിന് പ്രത്യേക സാമ്പത്തിക മേഖലാ പദവിക്കുള്ള അനുമതി ലഭിച്ചിട്ടുണ്ട്. 246 ഏക്കർ സ്ഥലം ഒറ്റ സെസ്സായി വിജ്ഞാപനം ചെയ്യണമെന്നുള്ള സ്മാർട്ട്സിറ്റിയുടെ അപേക്ഷ 19.9.2011 ൽ **SEZ Board of Approval, Ministry of Commerce** പരിഗണിക്കുകയും പ്രസ്തുത ആവശ്യം അംഗീകരിക്കുകയും ചെയ്തു. വിജ്ഞാപനം ഉടനെ പുറപ്പെടുവിക്കുന്നതാണ്. സ്മാർട്ട് സിറ്റി പ്രദേശത്ത് 10900 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സെയിൽസ് പവലിയൻ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ Conceptual Master plan തയ്യാറായി കഴിഞ്ഞു. മാസ്റ്റർ പ്ലാൻ അനുസരിച്ച് സെസ്സ് പദവി ലഭിച്ച ഭൂമിയിൽ 3.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. മന്ദിരത്തിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. |

2

ഡി) നേരത്തെ തയ്യാറാക്കിയ പദ്ധതിയുടെ മാസ്റ്റർ പ്ലാനിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ : എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ :

ഇ) പദ്ധതി ആരംഭിക്കുന്നതിന് മുമ്പ്, ഐ.ടി. അനുബന്ധ പരിശീലന കേന്ദ്രം തുടങ്ങുമെന്ന ടീകോമിന്റെ പ്രഖ്യാപനം പ്രാവർത്തികമാക്കാൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ ;

(ഡി) യും (ഇ) യും

സ്മാർട്ട്സിറ്റിയുടെ ഉടമസ്ഥത, നടത്തിപ്പ്, വികസനം എന്നിവ സർക്കാരിന് കൂടി പങ്കാളിത്തമുള്ള സ്മാർട്ട്സിറ്റി (കൊച്ചി) ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ഈ കമ്പനിയുടെ ഡയറക്ടർ ബോർഡ് യോഗത്തിലാണ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദവിവരങ്ങൾ തീരുമാനിക്കപ്പെടുന്നത്.

എഫ്) സ്മാർട്ട് സിറ്റിയുടെ ഡയറക്ടർ ബോർഡ് യോഗം അവസാനമായി ചേർന്നത് എന്നാണ് ; പദ്ധതിയുടെ എല്ലാ നിർമ്മാണ പ്രവൃത്തികളും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

എഫ്) 9.6.2012 ലാണ് സ്മാർട്ട്സിറ്റിയുടെ ഡയറക്ടർ ബോർഡ് അവസാനം യോഗം കൂടിയത്. എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും ഫ്രെയിംവർക്ക് എഗ്രിമെന്റ് അനുസരിച്ച് സമയബന്ധിതമായി ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ